➪ ജനകീയ പ്രക്ഷോഭങ്ങൾ പല സ്ഥലങ്ങളിലും ഉയർന്നുവരുന്ന സമയമായിരുന്നു അത് ➪

# കോർപ്പറേറ്റ് വിഭവചൂഷണത്തെ വികസനം എന്ന് വിളിക്കാമോ?

ജനങ്ങൾക്ക് രാഷ്ട്രീയാധികാരം ലഭ്യമാക്കുന്നവിധത്തിൽ ജനാധിപത്യത്തെ വികസിപ്പിക്കുകയാണ് വേണ്ടത്. അധികാരത്തെ താഴെതട്ടിലേക്ക് കൊണ്ടുവരണം. ജനപ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിലൂടെ മാത്രം നിലനിൽക്കുന്ന ഒരു ജനാധിപത്യമല്ല നമുക്ക് വേണ്ടത്.

**അഡ്വ. പ്രശാന്ത് ഭൂഷൺ / കേരളീയം**

**ആം ആദ്മി പാർട്ടിയുടെ രൂപീകരണത്തിലും വിജയത്തിലും താങ്കളുടെ പങ്ക് എന്തായിരുന്നു?**
പൊതുതാത്പര്യമുള്ള വിഷയങ്ങളിൽ ഇടപെടുന്ന ഒരു അഭിഭാഷകൻ എന്ന നിലയിൽ തുടരുക എന്നതാണ് എന്റെ പ്രാഥമിക താത്പര്യം. കോടതിക്കുള്ളിൽ മാത്രം ഇടപെടലുകളെ ചുരുക്കുന്നതിനും ഉദ്ദേശിക്കുന്നില്ല. കഴിഞ്ഞകാലങ്ങളിൽ ചെയ്തുകൊണ്ടിരുന്നതും അതുതന്നെയാണ്. ആന്റി കറപ്ഷൻ മൂവ്മെന്റിൽ പങ്കെടുക്കുന്നതിലൂടെയാണ് രാഷ്ട്രീയത്തിൽ കുറച്ചുകൂടി സജീവമായി ഇടപെടാൻ ഞാൻ തീരുമാനിക്കുന്നത്. അഴിമതിക്കെതിരായ ശക്തമായ ജനകീയ പ്രക്ഷോഭങ്ങൾ പല സ്ഥലങ്ങളിലും ഉയർന്നുവരുന്ന സമയമായിരുന്നു അത്. സാമൂഹിക പ്രവർത്തകർ തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലും ഇടപെടണം എന്ന ചർച്ചയും അതേസമയം തന്നെ സജീവമായി നടക്കുന്നുണ്ടായിരുന്നു. തെരഞ്ഞെടുപ്പിൽ പലരും സ്വതന്ത്രരായി മത്സരിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഭരണം ലഭിക്കാൻ സാധ്യതയുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ സ്ഥാനാർത്ഥികൾക്കാണ് ജനങ്ങൾ മുഖ്യ പരിഗണന എപ്പോഴും നൽകാറുള്ളത്. വ്യക്തി ശുദ്ധിയേക്കാൾ പലപ്പോഴും തെരഞ്ഞെടുപ്പിൽ വിലയിരുത്തപ്പെടാറുള്ളത് ഒരു സ്ഥാനാർത്ഥി പ്രതിനിധീകരിക്കുന്ന രാഷ്ട്രീയ പാർട്ടിയുടെ വിജയ സാധ്യതയാണ്. പലപ്പോഴും ഏതെങ്കിലും പാർട്ടികൾക്ക് അനുകൂലമായ അത്തരം തരംഗങ്ങൾ നമ്മുടെ തെരഞ്ഞെടുപ്പുകളിൽ സംഭവിക്കുന്നത് അതുകൊണ്ടാണ്. ഡൽഹിയിലെ എല്ലാ ജനവിഭാഗങ്ങളിലേക്കും ഇറങ്ങിച്ചെന്നുകൊണ്ട്, എല്ലാ സ്ഥലത്തും മത്സരിച്ചുകൊണ്ട് അത്തരത്തിലുള്ള വിജയപ്രതീക്ഷ ജനങ്ങളിലുണ്ടാക്കാൻ കഴിഞ്ഞു എന്നതാണ് ആം ആദ്മി പാർട്ടിയുടെ വിജയം. തെരഞ്ഞെടുപ്പ് രാഷ്ട്രീയം പലവിധ ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്ന ഒന്നാണ്. വലിയ രീതിയിൽ പണമൊഴുക്കിയും മാധ്യമങ്ങളെ വിലയ്ക്കെടുത്തുമാണ് മുഖ്യാധാരാ രാഷ്ട്രീയപാർട്ടികൾ ഇലക്ഷൻ രംഗത്തേക്ക് ഇറങ്ങുന്നത്. അതിനിടയിലുണ്ടായ എ.എ.പിയുടെ വിജയം തീർച്ചയായും ധാർമ്മിക രാഷ്ട്രീയത്തിന്റെ വിജയമാണ്. ആന്റി കറപ്ഷൻ മൂവ്മെന്റ് എല്ലാം അതിന് ശക്തമായ അടിത്തറയൊരുക്കിയിട്ടുണ്ട്.

**അഴിമതി വിരുദ്ധ പ്രസ്ഥാനത്തിന്റെ ഭാഗമായി ഉയർന്നുവന്ന ഒരു ജനക്കൂട്ടത്തെ വോട്ടാക്കി മാറ്റാൻ**

**കഴിയുന്ന അവസ്ഥ ഡൽഹിയിലുണ്ടാകാം. എന്നാൽ ഇന്ത്യപോലെ വിശാലമായ ഒരു ഭൂപ്രദേശത്ത് പ്രവേശിക്കുമ്പോൾ എന്താണ് നിങ്ങളുടെ നയപരിപാടികൾ?**

ആം ആദ്മി പാർട്ടിയുടെ നയമെന്താകും എന്ന് എനിക്ക് മാത്രമായി പറയാൻ കഴിയില്ല. പലതരത്തിലുള്ള വീക്ഷണങ്ങളുള്ളവരുടെ പാർട്ടിയാണിത്. നേതൃത്വങ്ങളിലുള്ളവരും പല കാഴ്ചപ്പാടുകളുള്ളവരാണ്. ഞാൻ എന്റെ അഭിപ്രായം പറയാം. ഇന്ത്യയിലെമ്പാടും നടക്കുന്ന വിവിധ സാമൂഹിക വിഷയങ്ങളിൽ സജീവമായി ഇടപെടുക എന്നതുതന്നെയായിരിക്കണം ഒരു ദേശീയ നയം. അതിൽ രാഷ്ട്രീയ വിഷയങ്ങളുണ്ടാകാം, പാരിസ്ഥിതിക വിഷയങ്ങളുണ്ടാകാം, മനുഷ്യാവകാശ പ്രശ്നങ്ങളുണ്ടാകാം. എല്ലാം വിശദമായി മനസ്സിലാക്കുകയും ഇടപെടുകയുമാണ് വേണ്ടത്. ആം ആദ്മി പാർട്ടിയുടെ നയം അക്കാര്യങ്ങളിലെല്ലാം വ്യക്തമാക്കുകയും ഒരു രാഷ്ട്രീയ പ്രസ്ഥാനം എന്ന നിലയിൽ എന്താണ് ചെയ്യാൻ കഴിയുന്നതെന്ന് ജനങ്ങളോട് പറയുകയും വേണം. ബദൽ സാധ്യതകളുണ്ടെന്ന് ഇപ്പോഴും അറിയാത്തതുകൊണ്ടാണ് ബഹുഭൂരിപക്ഷം ജനങ്ങളും പരമ്പരാഗ രാഷ്ട്രീയ പാർട്ടികൾക്ക് വോട്ടുചെയ്യുന്നത്. അവരുമായി സംസാരിക്കാൻ കഴിയണം.

**എന്താണ് ആം ആദ്മി പാർട്ടിയുടെ സാമ്പത്തികനയം? നിങ്ങളുടെ സാമ്പത്തിക നയം മറ്റ് മുഖ്യധാരാ രാഷ്ട്രീയ കക്ഷികളിൽ നിന്നും വ്യത്യസ്തമാണോ?**

തീർച്ചയായും ബി.ജെ.പിയും കോൺഗ്രസ്സും പിന്തുടരുന്ന സാമ്പത്തിക നയം ഞങ്ങൾ അംഗീകരിക്കുന്നില്ല. കോർപ്പറേറ്റുകൾക്ക് അനുകൂലമായ ഒരു സാമ്പത്തിക നയം എന്തായാലും ഞങ്ങൾക്കില്ല. യു.പി.എയും ഇപ്പോൾ എൻ.ഡി.എ സർക്കാറും എല്ലാ നയങ്ങളും നിയമങ്ങളും കോർപ്പറേറ്റുകൾക്ക് അനുകൂലമായി തിരുത്തിയെഴുതുകയാണ്. വലിയ കോർപ്പറേറ്റ് ഭീമന്മാരുമായുള്ള ഇവരുടെ ബന്ധം ഇന്ന് എല്ലാവർക്കും വ്യക്തമാണ്. ചങ്ങാത്ത മുതലാളിത്തത്തിന്റെ ഈ സാമ്പത്തിക നയത്തെ ഞങ്ങൾ തള്ളിക്കളയുന്നു. ജനങ്ങൾക്ക് ഹിതകരമാകുന്ന ഒരു സാമ്പത്തിക നയം ഞങ്ങൾ രൂപീകരിച്ചുകൊണ്ടിരിക്കുകയാണ്. ആം ആദ്മി പാർട്ടിയുടെ ഭരണത്തിൽ അതിന്റെ പ്രതിഫലനങ്ങൾ നിങ്ങൾക്ക് കാണാം. അധികാരം വികേന്ദ്രീകരിക്കുക എന്നതാണ് ആം ആദ്മിയുടെ രാഷ്ട്രീയ ലക്ഷ്യം. ഗ്രാമസഭകളെ ശക്തിപ്പെടുത്തണം. അതുകൊണ്ടുതന്നെ സാമ്പത്തിക നയത്തിന്റെ കാര്യത്തിൽ വളരെ കേന്ദ്രീകൃതമായ തീരുമാനങ്ങൾ ഉണ്ടാകില്ല. ദേശീയ പ്രാധാന്യമുള്ള വിഷയങ്ങളിൽ ഹിതപരിശോധന നടത്തി, ജനാഭിപ്രായം സ്വരൂപിച്ച് നയങ്ങൾ നിശ്ചയിക്കാം.

**കെജ്രിവാൾ അരാജകവാദിയാണെന്നും അദ്ദേഹം നക്സലൈറ്റുകൾക്കൊപ്പം ചേരുന്നതാണ് നല്ലതെന്നുമായിരുന്നല്ലോ പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞത്? ഡൽഹിയിൽ മോദിയുടെ വാക്കുകൾ വില പ്പോയില്ലെങ്കിലും, ജനാധിപത്യത്തിൽ അരാജകവാദത്തിന് ഇടമുണ്ട് എന്നുതന്നെയാണ് നിങ്ങൾ വിശ്വസിക്കുന്നത്?**

സാമൂഹിക വ്യവസ്ഥിതി അത്യന്തം ദുഷിച്ചുപോകുമ്പോൾ സ്വാഭാവികമായും അതിനെതിരായ പ്രതികരണങ്ങൾ പല കോണുകളിൽ നിന്നുമുണ്ടാകും. അത് അരാജകത്വമാണെങ്കിൽ ഞങ്ങളെല്ലാം അരാജകവാദികളാണ്. വ്യവസ്ഥിതിയിലെ ദുഷ്പ്രവണതകൾ നരേന്ദ്ര മോദിക്ക് ഒരു പ്രശ്നമായി തോന്നുന്നുണ്ടാകില്ല. സാമൂഹിക മാറ്റത്തിന് വേണ്ടി നിലകൊള്ളുന്ന പ്രസ്ഥാനത്തിന്റെ ഭാഗമല്ലല്ലോ അദ്ദേഹം. പട്ടിണി കിടക്കുന്ന ഒരാൾ ആഹാരം മോഷ്ടിക്കുന്നത് കൊള്ളയും കോർപ്പറേറ്റുകൾ വിഭവചൂഷണം നടത്തുന്നത് വികസനവും ആയി കരുതപ്പെടുന്ന ഒരു വ്യവസ്ഥയാണ് അരാജകം. എന്നാൽ ഇത്തരം അനീതികൾക്കെതിരെ പോരാടുന്നവരെയാണ് ഈ വ്യവസ്ഥ പലപ്പോഴും അരാജവാദികളായി മുദ്രകുത്താറുള്ളത്. കെജ്രിവാളിന് നേരെ മാത്രമല്ല, ഇന്ത്യയിലെമ്പാടും പല പേരുകളിലാണ് ഈ മുദ്രചാർത്തൽ നടക്കുന്നത്. ചിലടത്ത് അത് തീവ്രവാദമാകാം, മറ്റു ചിലയിടത്ത് മാവോയിസം, ചിലപ്പോൾ രാജ്യദ്രോഹം. അങ്ങനെ അരാജകവാദികളെയെല്ലാം വ്യവസ്ഥിതിക്ക് പുറത്താക്കാനുള്ള എത്രയോ വാക്കുകൾ ഇന്ത്യയിൽ ഭരണവർഗ്ഗം ഉപയോഗിച്ചുകൊണ്ടേയിരിക്കുന്നുണ്ട്. 'അതെ ഞാൻ അരാജകവാദി തന്നെയാണ്' എന്ന് പറഞ്ഞുകൊണ്ട് ധീരമായി തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുകയാണ് കെജ്രിവാൾ ചെയ്തത്. ജനങ്ങൾക്ക് അത് ബോധ്യമാവുകയും ചെയ്തു. ഭരണകൂടത്തിന്റെ ആജ്ഞാനുവർത്തികളല്ല ജനാധിപത്യത്തിലെ ജനങ്ങൾ എന്നതിനാൽ സമൂഹത്തിന്റെ ഭാഗത്ത് നിന്നും ഒരു നിശ്ചിതതോതിൽ അരാജകത്വം എക്കാലവും ഇന്ത്യയിൽ തുടർന്നുകൊണ്ടേയിരിക്കും.

**ഇത്തരം പ്രതിരോധങ്ങളെ ഭരണകൂടം നേരിടുന്ന രീതി തീർത്തും ജനാധിപത്യ വി**

**രൂഢമല്ലേ? ഇതിനെ എങ്ങനെ അഭിമുഖീകരിക്കാൻ കഴിയും?**

ഭരണകൂടഹിംസയെ എങ്ങനെ നേരിടണം എന്നത് ഇന്ന് ഇന്ത്യയിലെമ്പാടും ഒരു പ്രധാനപ്പെട്ട വിഷയമായി ചർച്ച ചെയ്യപ്പെട്ടു കൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ച് മധ്യേന്ത്യയിലെ ആദിവാസി മേഖലകളിലും നോർത്ത് ഈസ്റ്റിലും കാശ്മീരിലുമെല്ലാം. ഹിംസാത്മകമായി തന്നെ സ്റ്റേറ്റ് വയലൻസിനെ പ്രതിരോധിക്കാം എന്ന് മാവോയിസ്റ്റുകളെപ്പോലെയുള്ള സായുധസംഘങ്ങൾ കരുതുന്നു. എന്നാൽ അത് അതിലേറെ ദുരിതങ്ങളിലേക്ക് പോകുമെന്നാണ് അവരുടെ അനുഭവങ്ങൾതന്നെ അവർക്ക് വ്യക്തമാക്കിക്കൊടുക്കുന്നത്. പാർശ്വവത്കൃതവിഭാഗങ്ങളുടെ പ്രശ്നങ്ങൾ ഉന്നയിക്കാനും പരിഹരിക്കാനും ജനാധിപത്യപരമായ മാർഗ്ഗങ്ങൾ ഇപ്പോഴും അവശേഷിക്കുന്നുണ്ട് എന്നാണ് എനിക്ക് തോന്നുന്നത്. ജനങ്ങൾക്ക് രാഷ്ട്രീയാധികാരം ലഭ്യമാക്കുന്നവിധത്തിൽ ജനാധിപത്യത്തെ വികസിപ്പിക്കുകയാണ് വേണ്ടത്. അധികാരത്തെ താഴെതട്ടിലേക്ക് കൊണ്ടുവരണം. ജനപ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിലൂടെ മാത്രം നിലനിൽക്കുന്ന ഒരു ജനാധിപത്യമല്ല നമുക്ക് വേണ്ടത്. ഭരണപരമായ പങ്കാളിത്തം ജനങ്ങൾക്കുണ്ടാവുകയാണ് വേണ്ടത്. അതിനുള്ള സാധ്യതകൾ ഇന്ത്യൻ ജനാധിപത്യത്തിലുണ്ട്. ■

# നിരീക്ഷണ ക്യാമറകളല്ല സ്ത്രീസുരക്ഷ

ആപിന്റെ രണ്ടാം വിജയം ഡൽഹിയിലെ ഇടതുവൃത്തങ്ങളിൽ സൃഷ്ടിച്ച പ്രതിഫലനത്തെക്കുറിച്ച് ഡൽഹി കാമ്പസുകളിലെ സജീവ ഇടത് വിദ്യാർത്ഥി പ്രസ്ഥാനമായ ഐസയുടെ നേതാവും ജെ.എൻ.യു മുൻ സ്റ്റുഡന്റ്സ് യൂണിയൻ പ്രസിഡന്റുമായ

**സുചേതാ ഡെ**

**വിദ്യാർത്ഥി പ്രസ്ഥാനം എന്ന നിലയിൽ ഡൽഹിയിലെ രാഷ്ട്രീയ മേഖലയിൽ ഏറെക്കാലമായി ആൾ ഇന്ത്യ സ്റ്റുഡന്റ് അസോസിയേഷൻ (ഐസ) വളരെ സജീവമാണ്. ആം ആദ്മിയുടെ തുടർച്ചയായ രണ്ടാം വിജയത്തെ ഡൽഹി അനുഭവങ്ങളുടെ വെളിച്ചത്തിൽ നിങ്ങൾ എങ്ങനെ നോക്കിക്കാണുന്നു?**

ആം ആദ്മി പാർട്ടിക്ക് ഇപ്പോൾ ഉണ്ടായിരിക്കുന്ന വലിയ വിജയം നരേന്ദ്ര മോദി സർക്കാറിന്റെ പരാജയം കൂടിയായാണ് ഞങ്ങൾ വിലയിരുത്തുന്നത്. കോൺഗ്രസിന് വലിയ തിരിച്ചടിയുണ്ടായി എന്നത് യാഥാർത്ഥ്യമായിരിക്കെ തന്നെ ലോകസഭാ തെരഞ്ഞെടുപ്പിൽ ബി.ജെ.പിയോട് കാണിച്ച താത്പര്യം ഡൽഹിയിലെ ജനങ്ങൾ പിൻവലിച്ചിരിക്കുന്നു എന്നും ഡൽഹിയിലെ ഫലങ്ങൾ വ്യക്തമാക്കുന്നു. മോദി സർക്കാർ 10 മാസം ഭരിച്ചപ്പോഴേക്കും അക്കാര്യത്തിൽ വ്യക്തമായ ഒരു തീരുമാനമെടുക്കാൻ ഡൽഹിയിലെ ജനങ്ങൾക്ക് കഴിഞ്ഞു. ലോകസഭ തെരഞ്ഞെടുപ്പിൽ ഡൽഹിയിലെ ഏഴിൽ ഏഴ് സീറ്റും ബി.ജെ.പിക്കാണ് ലഭിച്ചിരുന്നത്. അസംബ്ലിസീറ്റിന്റെ കണക്കുനോക്കുമ്പോൾ അന്ന് അവർ 60 സീറ്റിൽ മുന്നിലായിരുന്നു. അതാണ് 10 മാസത്തിനുള്ളിൽ മൂന്ന് സീറ്റായി ചുരുങ്ങിയത്. കേന്ദ്ര സർക്കാറിനോടുള്ള ഒരു പ്രതികരണം കൂടിയാണത്. മോദി ഭരണം തുടങ്ങിയപ്പോൾ തന്നെ ജനങ്ങൾക്ക് കാര്യങ്ങൾ ബോധ്യമായിരിക്കുന്നു. സ്വച്ഛ് ഭാരത് കാമ്പയിനെല്ലാം പ്രചാരത്തിന് വേണ്ടിയുള്ള അടവുകൾ മാത്രമാണെന്ന് ഡൽഹിയിലെ ജനങ്ങൾക്ക് ബോധ്യം വന്നു. ഇത്തരം തട്ടിപ്പുകൾ നിരന്തരമായി കാണുന്ന ഡൽഹിയിലെ ദരിദ്ര ജനവിഭാഗങ്ങൾ ബി.ജെ.പിയോടും കോൺഗ്രസിനോടും ശക്തമായ ഭാഷയിൽ പ്രതികരിച്ചതാണ് നം കാണുന്നത്.

**ആം ആദ്മി പാർട്ടിയോട് മുമ്പും നിങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ടാം വിജയം അത്തരം വിയോജിപ്പുകളിൽ എന്തെങ്കിലും പുനഃപരിശോധനകൾക്ക് വഴിതുറക്കുന്നുണ്ടോ?**

ഞങ്ങൾക്ക് ഇപ്പോഴും എ.എ.പിയോട് ശക്തമായ വിമർശനങ്ങൾ ഉണ്ട്. പ്രധാനമായും രണ്ട് കാര്യങ്ങളിലാണ് അത് ചുറ്റിത്തി